# IQBAL
# HIGHER SECONDARY
# SCHOOL
# MASTER PLAN

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ തീർത്തും പിന്നോക്ക പ്രദേശമാണ് അജാനൂർ ഗ്രാമം. മത്സ്യത്തൊഴിലാളികളും, ഇടത്തരം കച്ചവടക്കാരും ഇടതിങ്ങി താമസിക്കുന്ന ഈ പ്രദേശത്തിന് തിലകക്കുറിയായി വർത്തിക്കുകയാണ് അല്ലാമ ഇഖ്ബാലിന്റെ നാമധേയത്തിലുള്ള ഈ ഹയർസെക്കന്ററി സ്കൂൾ.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത ഈ പ്രദേശത്തുകാർ 1967-ൽ ഡോ: എം.പി. അഹമ്മദ്, ജനാബ് എം.ബി. മൂസ, ജനാബ് യു.വി. മൊയ്തു തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു ഹൈസ്കൂളിനായി പ്രവർത്തനം ആരംഭിക്കുകയും അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ജനാബ് സി.എച്ച്. മുഹമ്മദ് കോയ ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ ശരിക്കും മനസ്സിലാക്കി ഹൈസ്കൂൾ അനുവദിക്കുകയും ചെയ്തു. 1979 ൽ ഈ വിദ്യാലയത്തിൽ യു.പി. വിഭാഗവും 1988 ൽ ഇംഗ്ലീഷ് മീഡിയവും 1991 ൽ ഹയർസെക്കന്ററി വിഭാഗവും ആരംഭിച്ചു. ഈ വിദ്യാലയം ഈ പ്രദേശത്തിന്റെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിക്ക് ഒരു നാഴികക്കല്ലായി മാറി.

ഭൗതിക സൗകര്യങ്ങൾ:

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർസെക്കന്ററിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്.

പാഠ്യേതര പ്രവർത്തനങ്ങൾ:

ഹൈസ്കൂളിനും കമ്പ്യൂട്ടർ ലാബുണ്ട്. ലാബിൽ ഏകദേശം ഇരുപതോളം കമ്പ്യൂട്ടറുകളുണ്ട്. ലാബിലും ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. യു.പി വിഭാഗത്തിന് പ്രത്യേകം കമ്പ്യൂട്ടർ ലാബ് സൗകര്യമുണ്ട്. ലാബിൽ 40 ഓളം കമ്പ്യൂട്ടറുകൾ സജ്ജമാണ്.

ഹൈസ്കൂൾ വിഭാഗം 18 ക്ലാസ്സ്റൂമുകൾ ഹൈടെക് ചെയ്തിട്ടുണ്ട്. സ്കൂളിൽ സയൻസ് ലാബും പ്രവർത്തന സജ്ജമാണ്. ഹൈസ്കൂൾ വിഭാഗം കമ്പ്യൂട്ടർ ലാബ് നവീകരണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

വിദ്യാലയത്തിൽ NCC ആർമി വിഭാഗം യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഓരോ വർഷവും 8ാം തരത്തിൽ നിന്ന് 50 കുട്ടികൾക്ക് NCCയിൽ ചേർന്ന് പ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നുണ്ട്. ഗൈഡ് പ്രവർത്തനങ്ങൾ സജീവമാണ് ഓരോ വർഷവും അഞ്ചാം തരത്തിൽ നിന്ന് 20 കുട്ടികൾക്ക് ഗൈഡിൽ ചേരാൻ അവസരം ലഭിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ജൂനിയർ റെഡ്ക്രോസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 8ാം തരത്തിലെ 20 കുട്ടികൾക്ക് അംഗത്വം ലഭിക്കുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തന സജ്ജമാണ്. ഓരോ വർഷവും അഭിരുചി പരീക്ഷ നടത്തി വിജയികളായ കുട്ടികൾക്ക് IT രംഗത്ത് കൂടുതൽ അറിവ് നേടുന്നതിന് അവസരം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ ഗണിതം, ഇംഗ്ലീഷ്, സയൻസ് ക്ലബ്ബുകൾ നമ്മുടെ സ്കൂളിൽ സജീവമാണ്.

ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അക്കാദമികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും (2005) നിർദേശങ്ങളും വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടു വെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കും.
* അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉറപ്പാക്കും.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
* ICT പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ആധുനിക തയ്യാറെടുപ്പുകൾ ആസൂത്രണം ചെയ്യും.
* ICT അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
* കലാ കായിക പ്രവൃത്തി പരിചയ മികവിന് ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

* ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കും.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതി സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ ആധുനികവത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
* ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
* മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതുതലമുറയിൽ നിന്നും അകറ്റുന്നതിലുള്ള ഇടപെടലുകൾ നടത്തും.
* പ്ലാസ്റ്റിക് മുക്ത, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
* ജൈവ വൈവിധ്യ ഉദ്യാനം സ്കൂളിൽ നടപ്പാക്കും.
* പിന്നോക്കക്കാരായ വിദ്യാർത്ഥികളെ മുഖ്യധാരയിലെത്തിക്കാനുള്ള പ്രവർത്തനം ഊർജിതമാക്കും.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങളൊരുക്കും.
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കും.
* സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും

# അവസ്ഥാ വിശകലനം - ഭൗതികം

## വിദ്യാലയ വിഭവങ്ങൾ - ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത

### ആമുഖം

ഓരോ വിദ്യാലയത്തിനും അതിന്റെ സമഗ്രമായ പ്രവർത്തനത്തിന് ഭൗതിക സൗകര്യങ്ങൾ മനുഷ്യവിഭവശേഷി, സമ്പത്ത് എന്നിങ്ങനെ വിവിധ തരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക്, സൗകര്യപ്രദവും സുരക്ഷിതവും ശിശുസൗഹൃദവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ ഏറ്റവും പ്രധാനം അവയുടെ ലഭ്യതയും കാര്യക്ഷമതയുമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ വിദ്യാലയം മികവുറ്റതാകുന്നു.

(i) അജാനൂർ ഗ്രാമപഞ്ചായത്ത് 1968 ൽ സ്ഥലം വാങ്ങി സ്കൂളിന് കൈമാറി സ്കൂൾ പണിത ശേഷം 5 മുതൽ 12 ക്ലാസുകളിലെ അധ്യയനമാണ് നടക്കുന്നത്.

| ക്ലാസ്/ഡിവിഷൻ | കുട്ടികൾ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| V | 51 | 50 | 101 |
| VI | 62 | 50 | 112 |
| VII | 78 | 46 | 124 |
| VIII | 91 | 97 | 188 |
| IX | 99 | 97 | 196 |
| X | 88 | 132 | 220 |

ആകെ: 941

* ആകെ 7 കെട്ടിടങ്ങളിൽ മികച്ച നിലവാരമുള്ള 6 കെട്ടിടങ്ങളും മേജർ റിപ്പയർ ആവശ്യമായ 1 കെട്ടിടവും ഉണ്ട്.
* കലാകായിക പ്രവൃത്തിപരിചയ പഠനം സ്കൂളിൽ നടക്കുന്നുണ്ട്. അത് മികവുറ്റതാക്കാൻ നിരവധി സാമഗ്രികൾ ആവശ്യമാണ്. നിലവിലെ അവസ്ഥ വിശകലനം ചെയ്തുവേണം നമ്മുടെ ആവശ്യങ്ങളെ നിശ്ചയിക്കാൻ.
* കായിക പ്രവർത്തനങ്ങൾക്കാവശ്യമായ ഒരു ഗ്രൗണ്ട് വെള്ളക്കെട്ടുകൾ കൊണ്ടും മറ്റും വൃത്തിഹീനമായി കിടക്കുന്നു. ഗ്രൗണ്ടിന്റെ കാര്യത്തിൽ ഒരു അനുകൂല തീരുമാനം ആവശ്യമാണ്.
* കുട്ടികൾക്ക് ഗണിത പഠനം താൽപര്യപ്രദമാക്കുന്നതിനുള്ള ഗണിതലാബ് ഹൈസ്കൂളിന് ആവശ്യമാണ്. ഹയർസെക്കന്ററിയിൽ ഗണിതലാബ് നിലവിൽ പ്രവർത്തനക്ഷമമാണ്.
* കുട്ടികൾക്ക് ബെഞ്ച് ഡസ്ക് എന്നി ഇരിപ്പിട സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് അവയിൽ പഴയതും വേണ്ടത്ര സൗകര്യങ്ങളില്ലാത്തതും പഠനപ്രക്രിയയിൽ തടസ്സം നേരിടുന്നതുമാണ്.
* അധ്യാപകർക്ക് ഇരിക്കാനും എഴുതാനും പഠന സാമഗ്രികളും രേഖകൾ സൂക്ഷിക്കുവാനും ആവശ്യമായ സൗകര്യങ്ങളില്ല.
* വിദ്യാലയത്തിൽ ആകെ 50 ഓളം കമ്പ്യൂട്ടറുകൾ ഉണ്ട്.

ഹൈസ്കൂൾ: 50

ഹയർസെക്കന്ററി: 20

| ഇനം | ഹൈസ്കൂൾ | ഹയർസെക്കൻ്ററി |
|---|---|---|
| പഠനം പഠിപ്പിക്കൽ | 25 | 25 |
| ഭരണപരം | 2 | 2 |
| ലൈബ്രറിയിൽ കമ്പ്യൂട്ടർ | ഇല്ല | ഇല്ല |
| രക്ഷിതാക്കൾക്ക്/ പൊതുജനങ്ങൾക്ക് | ഇല്ല | ഇല്ല. |
| ഇനിയും ആവശ്യമുള്ളത് | 10 | 10 |

കമ്പ്യൂട്ടർ സൗകര്യമുണ്ടെങ്കിലും ഇന്റർനെറ്റ് സൗകര്യം മെച്ചപ്പെടണം. ഇപ്പോൾ ഓഫീസ് മുറിയിലും IT ലാബിലു മാണ് കമ്പ്യൂട്ടർ സൗകര്യം.

× മറ്റ് ഉപകരണ ലഭ്യത

| ക്രമനമ്പർ | ഇനം | ലഭ്യമാണ് എണ്ണം | ലഭ്യമല്ല/ആവശ്യം |
|---|---|---|---|
| 1. | റേഡിയോ | — | 2 |
| 2. | ടി.വി | — | — |
| 3. | CD/DVD player | — | — |
| 4. | LCD Projecter | 18 | 10 |
| 5. | Laptop | 40 | 10 |
| 6. | ജനറേറ്റർ | 1 | 1 |
| 7. | പ്രിന്റർ | 2 | 1 |

8) ശുചിമുറി പ്രവർത്തന ക്ഷമമായ ശുചിമുറികളുടെ എണ്ണം ക്ലോസെറ്റോടുകൂടിയ കണക്ക്.

| ക്രമനമ്പർ: | വിഭാഗം | 5-10 | 11-12 |
|---|---|---|---|
| 1 | പെൺകുട്ടികൾക്ക് | 12 | 5 |
| 2. | ഭിന്നശേഷിക്കാർക്ക് | — | 3 |
| 3. | ആൺകുട്ടികൾക്കായുള്ള മൂത്രപ്പുര | 12 | — |
| 4. | ജീവനക്കാർക്ക് | 2 | 2 |

9) ജലലഭ്യത

(i) പഠിതാക്കളുടെ എണ്ണത്തിന് ആനുപാതികമായ ടാപ്പുകൾ :20

(ii) കൈ കഴുകുന്നതിന് നിലവിൽ വേണ്ടത്-25

(iii) കുടിവെള്ള സൗകര്യം- ടാപ്പ്, cooler

(iv) കുടിവെള്ള സ്രോതസ്- ടാപ്പ്

(10) അസംബ്ലി നടത്തുന്നത് ഓഡിറ്റോറിയത്തിൽ വെച്ച്; ആഴ്ചയിൽ ഒരു തവണ അസംബ്ലി നടത്താറുണ്ട്.

(11) ഉച്ചഭക്ഷണം: വിദ്യാലയത്തിൽ തന്നെ ഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസത്തിലും തയ്യാറാക്കുന്ന ഭക്ഷണ ക്രമങ്ങളുടെ പട്ടിക തയ്യാറാക്കാറുണ്ട്. കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്നത് ക്ലാസ് മുറിയിൽ ഇരുന്നാണ്. അതിന് വിപുലമായ

സൗകര്യം ആവശ്യമാണ്. അതെ 940 ഓളം കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്നുണ്ട്.

12) വൈദ്യുതീകരണം: വിദ്യാലയത്തിൽ എല്ലാ ക്ലാസിലേക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. ഫാൻ, ലൈറ്റ് എന്നിവയുള്ള 25 ക്ലാസ്മുറികളാണ് ഉള്ളത്.

13.) പഠന മുറികൾ ഒഴികെ 4 ലാബുകൾ ഉണ്ട്.

14) ജൈവ വൈവിധ്യ പാർക്ക് പൂന്തോട്ടം ഇല്ലാതെ തന്നെ കുറച്ച് കുട്ടികൾ ഉണ്ടാക്കിയ ചെടികൾ മാത്രം ഈ ഇനത്തിൽ ഉള്ളത്.

## അക്കാദമികം - പഠന ബോധന തന്ത്രങ്ങളും അവയുടെ വിലയിരുത്തലും.

പഠിതാക്കളുടെ ശേഷിവികാസവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മേഖലയാണ് പഠന-ബോധന തന്ത്രങ്ങൾ. കൃത്യമായ ആസൂത്രണം, ഫലപ്രദമായ പഠന പശ്ചാത്തല മൊരുക്കൽ, വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങളുടെ നിർവ്വഹണം, അധ്യാപികയുടെ വിഷയ പരിജ്ഞാനം കുട്ടികളുടെ പഠന ശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠന നില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു. വിലയിരുത്തൽ പ്രക്രിയയുടെ ഫലപ്രദമായ നിർവ്വഹണം ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

1. കുട്ടിയെ അറിയലാണ് പഠന ബോധന പ്രക്രിയയുടെ ആദ്യഘട്ടം. കുട്ടികളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, സാമ്പത്തിക ഗാർഹിക വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ പഠിതാക്കൾ, CPTA എന്നി രേഖകളാണ് ഉപയോഗിക്കുന്നത്.

കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം

SC 7

ST 3

OEC 2.5

OBC 59.5

ജനറൽ 16.7

15 പഠിതാക്കളുടെ മനോഭാവം പഠന താൽപര്യം എന്നിവ ക്ലാസ് തല ഇടപെടലിന്റെ ഭാഗമായി മനസ്സിലാക്കാൻ കഴിയും. സഹപ്രവർത്തകരുമായുള്ള ചർച്ച, CPTA യിലെ ചർച്ചകൾ എന്നിവയിലൂടെ കുട്ടിയുടെ താൽപര്യനില തിരിച്ചറിയുന്നതിന് സാധിക്കുന്നു.

16. സബ്ജക്ട് കൗൺസിൽ, വിഷയ ഡിപ്പാർട്ട്മെന്റ് എന്നിവ ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്.

17. സമയക്കുറവുകാരണം കുട്ടികളുടെ പങ്കാളിത്തമുറപ്പാക്കും വിധം പഠന പ്രക്രിയ സജീവമായി അവതരിപ്പിക്കുവാൻ പ്രയാസം.

18. പഠനോപകരണങ്ങൾ കുട്ടികളുടെ എണ്ണത്തിനനുസൃതമായി ക്രമീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്.

19. കുട്ടികളുടെ ഹാജർ, കൃത്യനിഷ്ഠ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്കൂളിൽ സൂക്ഷിക്കേണ്ട പ്രധാന രേഖ ഹാജർ പട്ടികയാണ്. CPTA minutes, തുടർച്ചയായി ഹാജരാകാത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് അയക്കുന്ന സന്ദേശം, ഫോൺവിളി എന്നിവയും രേഖകളാണ്

20) സ്കൂൾ ലീഡർമാരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച ബോധം വളർത്താൻ ശ്രമിക്കുന്നുണ്ട്.

21.) കുട്ടികളെ ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ യൂണിറ്റ് ടെസ്റ്റ്, പ്രതിമാസ പരീക്ഷ, പാദ വാർഷികം, അർധവാർഷികം, വാർഷിക മൂല്യനിർണ്ണയം എന്നിങ്ങനെ നിരന്തരമായ വിലയിരുത്തൽ നടത്തുന്നു.

22) ഓരോ പ്രവർത്തനത്തിന്റെ നിർവഹണത്തിലും കുട്ടിയെ വിലയിരുത്തേണ്ടതുണ്ട്. ഉല്പന്നങ്ങൾ വിലയിരുത്തലും പഠന സന്ദർഭങ്ങളിൽ കുട്ടിയുടെ പ്രതികരണം പരിഗണിച്ചും കുട്ടിയെ വിലയിരുത്തുന്നു.

അധ്യാപകരുടെ പ്രവർത്തനങ്ങളും തൊഴിൽ വികാസവും

1.) ഇക്ബാൽ ഹയർ സെക്കന്ററി സ്കൂളിൽ ആകെ — അധ്യാപകരാണുള്ളത്. ഹൈസ്കൂൾ വിഭാഗത്തിൽ — 20 ഹയർ സെക്കന്ററി വിഭാഗത്തിൽ — 20. 2024-25 ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ഹൈസ്കൂളിൽ 20 ഹയർസെക്കന്ററിയിൽ 20 അധ്യാപക തസ്തിക അംഗീകരിച്ചിട്ടുണ്ട്.

High school Teachers :
UP Teachers :
HSST Teachers :
അനധ്യാപകർ HS :
അനധ്യാപകർ HSS :

2) എല്ലാ അധ്യാപകരും സേവനകാലപരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.

3) എല്ലാ അധ്യാപകരും നിശ്ചിത പരിശീലന യോഗ്യത നേടിയവരാണ്.

4) പുതിയ നിയമനം ലഭിച്ചുവരുന്ന അധ്യാപകർക്കും സ്ഥാനക്കയറ്റം ലഭിച്ചുവരുന്നവർക്കും വിദ്യാഭ്യാസ വകുപ്പ് നൽകുന്ന പരിശീലനം മാത്രമാണ് ലഭിക്കുന്നത്.

5) അധ്യാപകരുടെ ഹാജർ രേഖകൾ വിദ്യാലയത്തിൽ സൂക്ഷിക്കുന്നുണ്ട്. ഹാജരാകാത്തതിന്റെ കാരണങ്ങളും രേഖപ്പെടുത്തുന്നതിന് സംവിധാനമുണ്ട്. അത്യാവശ്യ ഘട്ടങ്ങളിലൊഴികെ അധ്യാപകരും അനധ്യാപകരും ലീവ് മുൻകൂട്ടി അറിയിക്കാറുണ്ട്.

6) അധ്യാപകർ അവധിയാണെങ്കിൽ മറ്റ് അധ്യാപകർക്ക് അധിക ചാർജ് നൽകും. കൂടുതൽ ദിവസം ലീവാണെങ്കിൽ പകരം പുതിയ അധ്യാപകരെ പകരം നിയമിക്കും.

7) അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല വർഷാദ്യത്തിൽ തന്നെ നൽകും.

| ചുമതലകൾ | HS | UP |
|---|---|---|
| സീനിയർ അസിസ്റ്റന്റ് | ജെസി തോമസ് | ഷൈബി രഞ്ജിനി |
| സ്റ്റാഫ് സെക്രട്ടറി | ഭൈരവൻ. S. P | |
| SRG കൺവീനർ | സജീഷ്. ദ. പി | ശ്രുതി |

| | | |
|---|---|---|
| കലാമേള | സരിത | ഷെരീഫ |
| കായികമേള | ആനന്ദ്കുഞ്ഞൻ | ആനന്ദ്കുഞ്ഞൻ |
| NCC | ബഷീർ | |
| ഉച്ചഭക്ഷണം | ഹസീന | ഹസീന |
| ശുചിത്വം | അസ്ബാന | ഷിജില. |
| പഠനയാത്ര | സന്ദീപ് | ശ്രീരാജ് |
| റെഡ്ക്രോസ് | കേശവൻ | |
| ലഹരിവിരുദ്ധം | ശാലിനി | |
| ലൈബ്രറി | പുഷ്പ | |
| ടെക്സ്റ്റ് ബുക്ക് | അമീർ | സുചിത, കുഞ്ഞൻകുട്ടി |
| സാന്ത്വനം | ഫാത്തിമ്പി | സരിത |
| അച്ചടക്കം | ബഷീർ, തേജസ് | ലിൻസ |

## ക്ലബ്ബുകളും ചുമതലകളും

ഗണിതം : സജീഷ് ഒ വി
സാമൂഹ്യശാസ്ത്രം : ശ്രീരാജ്.
സയൻസ് : അസ്ബാന
ഇംഗ്ലീഷ് : കുഞ്ഞൻകുട്ടി
ലഹരിവിരുദ്ധം : ശാലിനി
പാർലമെന്റ്കാര്യം : വിദ്യ
ആരോഗ്യം : അഞ്ജന

പരിസ്ഥിതി : അഞ്ജന
വിദ്യാരംഗം : പുഷ്പ.
സാന്ത്വനം : ഫാത്തിമ്പി, സരിത

വിഷയങ്ങളും ചുമതലകളും

ഗണിതം : സജീഷ്.
ഫിസിക്സ് : രാജലക്ഷ്മി
കെമിസ്ട്രി : സന്ദീപ്
ബയോളജി : അസ്മാന
ഇംഗ്ലീഷ് : കുഞ്ഞൻകുട്ടി
സാമൂഹ്യശാസ്ത്രം : ശ്രീരാജ്.
ഹിന്ദി : ഫാത്തിമ്പി
മലയാളം : പുഷ്പ
ഐ.ടി. : അമീർ കൊടിബയൽ

8) പാഠ്യപദ്ധതി ലക്ഷ്യമിടുന്ന പ്രതീക്ഷകൾക്കനുസരിച്ച് അധ്യാപക പരിവർത്തനം നടക്കുന്നുണ്ടോ എന്ന് വിലയിരുത്തണം. എല്ലാ കുട്ടികളിലും പഠനനേട്ടം പ്രതീക്ഷിത നിലവാരത്തിൽ വികസിപ്പിക്കണമെന്നത് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. പൂർണമായും പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനരീതി പിന്തുടരുവാൻ നിലവാരമുള്ള ക്ലാസ് ക്രമീകരണം. ഉള്ളടക്ക ബാഹുല്യം, പഠന ദിവസങ്ങളുടെ കുറവ് എന്നിവ തടസ്സമാകുന്നു. ICT അധിഷ്ഠിത പഠനം നിലവിൽ നടക്കുന്നില്ല എന്നു തന്നെ പറയാം. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ്

പ്രധാന കാരണം പഠന സാമഗ്രികളുടെ ഉപയോഗ
വും മെച്ചപ്പെടണം.
3.) എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട പഠന നേട്ടം ഉറപ്പുവരു
ത്തുന്നതിന് അധ്യാപകർ special ക്ലാസുകൾ, പി
ന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്, രക്ഷാകർതൃ യോഗ
ങ്ങൾ സ്വാധ്യായ ദിനങ്ങളും പരിഹരിക്കുന്നതിന്
അവധി ദിവസ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കു
ണ്ട്.

## വിദ്യാലയ നേതൃത്വവും സമിതി പരിപാലനവും

1. ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ വിക
സന പ്രവർത്തനങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്.
നാളത്തെ വിദ്യാഭ്യാസം മുന്നിൽ കണ്ടുകൊണ്ട്
വിദ്യാലയ വികസനത്തിനായി താഴെപറയുന്ന
കാര്യങ്ങൾ ഉൾപ്പെടുത്തുന്നു.

എല്ലാ കുട്ടികളുടെയും പങ്കാളിത്തവും പഠന
നേട്ടവും ഉറപ്പാക്കാൻ മികച്ച രീതികളും അക്കാ
ദമികവുമായ അന്തരീക്ഷം ഒരുക്കുവാൻ കുട്ടിയു
ടെ സമഗ്ര വികസനം ലക്ഷ്യമിടൽ.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണ
ഓരോ കുട്ടിക്കും ഉറപ്പാക്കൽ

ജനകീയ പങ്കാളിത്തത്തോടെ വിദ്യാലയ
പ്രവർത്തനങ്ങൾ

ഇക്ബാലിന്റെ സമഗ്ര വികസനം വിദ്യാല
യത്തിലൂടെ കുട്ടികളിലൂടെ.

2 പ്രഥമാധ്യാപകർക്ക് സവിശേഷമായി ലഭിച്ച പരിശീലന മേഖലകൾ, നേതൃപാടവം, സാമ്പത്തിക വിനിമയം എന്നിവയാണ്.

3. ദൈനംദിന കാര്യങ്ങളിൽ പ്രഥമാധ്യാപകൻ സീനിയർ അധ്യാപകരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നു.

4. അധ്യാപകർക്ക് വിവിധ പ്രവർത്തനങ്ങളുടെ ചുമതല നൽകാറുണ്ട്. ഭൂരിഭാഗം അധ്യാപകരും പ്രധാനാധ്യാപകന്റെ നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നുണ്ട്.

5.) കുട്ടികളുടെ പഠന നിലവാരം മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തും. ഈ മേഖലയെ പറ്റി സ്റ്റാഫ് മീറ്റിങ്, SRG യോഗത്തിൽ എല്ലാം ചർച്ച ചെയ്യും. പലപ്പോഴും പൊതു പ്രസ്താവനകളിലൂടെയാണ് അവതരിപ്പിക്കുക.

## ക്രിയാത്മക സാമൂഹിക പങ്കാളിത്തം

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ഗൗരവമായ ചർച്ചകളിലും ഇടപെടലുകളിലും വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന്റെ പ്രധാന ചാലകശക്തിയാകേണ്ടത് പൊതുസമൂഹമാണ്. അതുകൊണ്ട് PTA പോലുള്ള മറ്റു സംഘടനകളുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ നിർണ്ണായകമായിത്തീരുന്നു.

നമ്മുടെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കലാണ്. അതിനുള്ള അന്തരീക്ഷവും പഠന സഹായ സംവിധാനവും വിദ്യാലയത്തിൽ രൂപപ്പെടുന്നതിന് പൊതു സമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം വേണം.

1. സാമൂഹിക സംഘടനകളിലെ പങ്കാളിത്തം

| വിഭാഗം | അംഗങ്ങളുടെ എണ്ണം | | |
|---|---|---|---|
| | SMC | PTA | SMDC |
| രക്ഷിതാക്കൾ | 3 | 11 | |
| അധ്യാപകർ | 2 | 10 | |
| സ്ത്രീകൾ | 1 | 3 | |
| ജനപക്ഷ പ്രതിനിധികൾ | 3 | 12 | |
| സ്വയംഭരണസ്ഥാപന പ്രതിനിധി | 1 | 2 | |

2 വിദ്യാലയത്തിന്റെ class PTA പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവ നിലവിലുണ്ട്.

SSLC പരീക്ഷാഫലം

| വർഷം | പരീക്ഷ എഴുതിയവർ | വിജയശതമാനം |
|---|---|---|
| 2021-22 | 192 | 100% |
| 2020-21 | 185 | 99.5% |
| 2019-20 | 189 | 99.5 |
| 2020-21 | 198 | 99.9 |

| | | |
|---|---|---|
| 2022-23 | 203 | 100% |
| 2023-24 | 185 | 100% |
| 2024-25 | 189 | 91% |

## പ്രശ്നങ്ങൾ - വെല്ലുവിളികൾ

അക്കാദമികം

1) റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാകുന്നുണ്ടെങ്കിലും പിന്നോക്കക്കാരുടെ പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം ലഭിക്കുന്നില്ല.

2) 5-12 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച പ്രവർത്തനങ്ങൾ പ്രതീക്ഷിത നിലവാരത്തിൽ നേടാൻ സാധിക്കുന്നില്ല.

3) ICT അധിഷ്ഠിത പഠനം ഉറപ്പാൻ കഴിയും വിധം എല്ലാ അധ്യാപകരും ശാക്തീകരിക്കപ്പെട്ടിട്ടില്ല.

4) എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (Mal, Eng, Arabic, Urdu, Hindi, Sanskrit) എന്നീ ഭാഷകളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജിക്കുവാൻ കഴിയുന്നില്ല.

5.) ക്ലാസ് ലൈബ്രറികളുടെ ഉപയോഗം ഫലപ്രദമാകുന്നില്ല.

6) ഉപരിപഠന സാധ്യതകൾ, തൊഴിലവസരങ്ങൾ, നൈപുണി ശേഷി വികാസം എന്നിവ സംബ: വിദ്യാർത്ഥികൾക്ക് ധാരണ കുറവാണ്.

7) എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാകുന്നില്ല.

8.) കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല

ഭൗതികം

1.) ദിന വേതനക്കാരെ പരിഗണിച്ച് വിദ്യാലയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യപരമാകണം.

2.) ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുന്നില്ല.

3.) ചില കുട്ടികൾ പ്രഭാത ഭക്ഷണം കഴിക്കാതെ സ്കൂളിലെത്തുന്നു

4.) പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.

സാമൂഹികം

1. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെ കുറിച്ച് ധാരണയില്ല.

2. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ വ്യക്തികളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

## വിഷയ മേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതുവിദ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്ത രൂപം നൽകേണ്ടതായിട്ടുള്ള പ്രവർത്തന പദ്ധതികൾ സ്കൂളിൽ രൂപീകരിച്ചിട്ടുണ്ട്.

## പരിഹാര പ്രവർത്തനം- വിശദാംശങ്ങൾ

### 1. റിസോഴ്സ് അധ്യാപിക

ഭിന്ന നിലവാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മാർഗ്ഗ നിർദേശം നൽകുന്നതിനായി 8 കുട്ടികൾക്ക് ഒരു ടീച്ചർ എന്ന നിലയിൽ റിസോഴ്സ് അധ്യാപികയുടെ സേവനം ദിവസവും സ്കൂളിൽ ലഭ്യമാക്കേണ്ടതാണ്.

### 2. അധ്യാപക പരിശീലനം

ഇൻക്ലൂസീവ് എഡ്യുക്കേഷൻ സാധ്യമാകുന്നതിന് ഈ പരിശീലന പരിപാടികൾ

അധ്യാപകർ വേണ്ടവിധം ലഭ്യമാക്കുക. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ലഭ്യമാക്കുക.

3. <u>അനുരൂപീകരണ ശില്പശാല</u>

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പാഠഭാഗങ്ങൾ ശരിയായ രീതിയിൽ അനുരൂപീകരണം നടത്താൻ വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കുക.

4. <u>Medical Camp</u>

കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മെഡിക്കൽ ക്യാമ്പുകൾ സ്കൂളിൽ ലഭ്യമാക്കുക.

5. <u>പഠനോപകരണ നിർമ്മാണ ശില്പശാല</u>

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാർ ഇവർക്കാവശ്യമായ പഠന ഉപകരണങ്ങളും പിന്തുണയും ലഭ്യമാക്കുക

6. <u>രക്ഷാകർതൃ ബോധവത്കരണം</u>

കുട്ടികളുടെ ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുകയും

അതിന് വേണ്ടി രക്ഷിതാക്കളെ സജ്ജമാക്കുകയും ചെയ്യുക.

7. Case study ക്രിയാഗവേഷണം

ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളായ Case study ക്രിയാഗവേഷണം അവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഡയറ്റ്, SSA RMSA എന്നിവയുടെ സഹായം ലഭ്യമാക്കുക.

8. കലാ കായിക പരിപാടികൾ, ദിനാചരണങ്ങൾ

കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകൾ കണ്ടെത്തി അവയെ പരിശീലിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ദിനാചരണങ്ങൾ ആഘോഷിക്കുകയും ചെയ്യുക.

9. ഉല്ലാസ യാത്ര

കുട്ടികളിൽ യാത്രാനുഭവം വളരെ കുറവായ സാഹചര്യങ്ങൾ കണക്കിലെടുത്ത് അത്തരം കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി അവർക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

Last

# ഭൗതിക സൗകര്യം

ആമുഖം

വിദ്യാലയം മികവുറ്റതാകണമെങ്കിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കാൻ കഴിയണം. നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ വിലയിരുത്തുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചും നിലവിലുള്ളവ നവീകരിച്ചും ഈ പ്രക്രിയ പൂർത്തിയാക്കണം. ഇതിനായി അന്താരാഷ്ട്ര തലത്തിൽ നിശ്ചിത മേഖലയിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാമെന്ന് പഠിക്കുകയും ആർക്കിടെക്ടുമാരുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും ഒരു വിദഗ്ധ സംഘത്തിന്റെ സേവനം തന്നെ ഇതിനായി പ്രയോജനപ്പെടുത്തുകയും വേണം.

നമ്മൾ വിഭാവനം ചെയ്യുന്ന ഭൗതിക സൗകര്യങ്ങളുടെ വിശദാംശങ്ങൾ

1. ക്ലാസ്മുറി: ഹയർ സെക്കന്ററി ~~...~~ സ്കൂൾ വിഭാഗത്തിലായി ഇന്ന് 38 ക്ലാസ്മുറികളാണുള്ളത്. അതിൽ കാലഹരണപ്പെട്ടവ പൊളിച്ചുമാറ്റി പുതിയവ പണിയണം. നിലവിലുള്ളവ നവീകരിക്കുകയും വേണം. എല്ലാ ക്ലാസ്മുറികളും ഹൈടെക് ആയിരിക്കണം. ക്ലാസ് ലൈബ്രറി സൗകര്യം, കുട്ടികളുടെ ചെരിപ്പ്, ബാഗ് മുതലായവ സൂക്ഷിക്കുന്നതിനുള്ള റാക്കുകൾ ഉണ്ടാവണം. ക്ലാസ്മുറി ശുചിയായി സംരക്ഷിക്കുന്നതിനുള്ള സംവിധാനവും ഉറപ്പാക്കണം. സ്കൂൾ കോമ്പൗണ്ടിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥിതി പരിഹരിക്കണം.

2. ക്ലാസ്മുറി നവീകരണം: മുകളിലുള്ള ക്ലാസ്മുറികൾ മേൽ പറഞ്ഞതു പ്രകാരം സൗകര്യപ്രദമാക്കണം. ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാം സമയബന്ധിതമായി പൂർത്തിയാക്കണം. ഇതിനാവശ്യമായ ഫണ്ട്

എം.പി, എംഎൽഎ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരി
ൽ നിന്നും പൊതു സമൂഹം ശേഖരിക്കേണ്ടതാണ്.

സാംസ്കാരിക സമുച്ചയം: വിദ്യാലയത്തിലെ എല്ലാ കുട്ടി
കളും ഒരു സവിശേഷ മേഖലയിൽ (കല, കായികം,
പ്രവൃത്തി പരിചയം) പ്രാവീണ്യം നേടണമെന്നാണ്
പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനാവശ്യമായ
ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ആർട്ട്
ഗ്യാലറി, മ്യൂസിയം എന്നിവ ഉൾക്കൊള്ളുന്ന സാംസ്കാരി
ക സമുച്ചയം വിദ്യാലയത്തിന് അനിവാര്യമാണ്.

ലൈബ്രറി: ഏതൊരു വിദ്യാലയത്തിന്റെയും അറിവിന്റെ
ഉറവിടം വിദ്യാലയത്തിന്റെ പുസ്തകശാലയാണ്. അവി
ടെയുള്ള പുസ്തകങ്ങളുടെ വൈവിധ്യവും ലഭ്യത, വായന
ഈ മേഖലയിൽ പ്രധാനമാണ്. അതിനെല്ലാം വഴി
യൊരുക്കുന്ന ലൈബ്രറി അത്യാവശ്യമാണ്.

ആധുനിക അടുക്കള

8-10 ക്ലാസിലുള്ള മുഴുവൻ കുട്ടികൾക്കും മറ്റ്
ക്ലാസിലുള്ള ആവശ്യമുള്ള കുട്ടികൾക്കും ഉച്ചഭക്ഷണം
നൽകേണ്ടതുണ്ട്. കൂടാതെ പ്രഭാത ഭക്ഷണവും
പ്രൊജക്റ്റിൽ ഉൾപ്പെടുത്തണം. ഉച്ചഭക്ഷണം
സമയബന്ധിതമായി തയ്യാറാക്കാൻ ആവശ്യമായ
വൈഗെടക്ക് സംവിധാനമുള്ള അടുക്കള ആവശ്യമാ
ണ്. ജില്ലാ പഞ്ചായത്ത്, സർക്കാർ, പൊതു സമൂഹം
പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്ത
ത്തോടെ ആധുനിക അടുക്കള പൂർത്തീകരിക്കേണ്ട
താണ്.

ഡൈനിംഗ് ഹാൾ: 300 കുട്ടികൾക്ക് ഒരേ സമയം
ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഡൈനിംഗ്
ഹാൾ ആണ് വിഭാവനം ചെയ്യുന്നത്.

ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാണ്. ദൈനംദിന ആവശ്യങ്ങൾക്ക് പുറമേ സവിശേഷ ദിവസങ്ങളിൽ ഭക്ഷണം വിതരണത്തിനായി ഇത് ഉപയോഗിക്കാൻ ലക്ഷ്യമിടുന്നു.

TOILET COMPLEX: ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ആവശ്യമായ ടോയ്‌ലറ്റ് സൗകര്യം ലഭ്യമാണ്.

ലാബ് കോംപ്ലക്സ്: പഠന സംബന്ധമായ പരീക്ഷണങ്ങൾ സ്വയമേ പഠിക്കാനുള്ള സൗകര്യം ഉറപ്പാക്കുന്നു. ലാബിലെ ആവശ്യമായ എല്ലാ സാമഗ്രികളും ലഭ്യമാണ്.

സ്കൂൾ മാർക്കറ്റ്: കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾ മറ്റു വസ്തു വകകൾ എന്നിവ ലഭ്യമാകുന്ന ഒരു സ്കൂൾ മാർക്കറ്റ് ആവശ്യമാണ്.

പാർക്കിങ് സ്ഥലം: അധ്യാപക വിദ്യാർത്ഥികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുവാനുള്ള ഒരു ഷെഡ് കോമ്പൗണ്ടിൽ തന്നെ ഉറപ്പാക്കണം.

കളിസ്ഥലം: കുട്ടികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആവശ്യമായ എല്ലാ സംവിധാനത്തോടു കൂടിയ കളിസ്ഥലം ഒരുക്കേണ്ടതാണ്.

കാർഷികരംഗം: പഠനത്തോടൊപ്പം കാർഷികവിദ്യാഭ്യാസം വളർത്തുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടതാണ്.

ജൈവ വൈവിധ്യ പാർക്ക്

പാഠപുസ്തകത്തിനു പുറമേ പ്രകൃതിസ്നേഹം വളർത്താൻ ആവശ്യമായ വിവിധ പാർക്കുകൾ ക്യാമ്പസിന്റെ പല സ്ഥലങ്ങളിൽ നിർമ്മിക്കേണ്ടതാണ്.

## സാമൂഹിക പങ്കാളിത്തം

കുട്ടികളിൽ ചില പാഠ്യ സിലബസിന് പുറമേ സാമൂഹികേതര പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും വിവിധ സാമൂഹിക സംഘടനകളുമായി കൂടിച്ചേരാനും ഉള്ള അവസരങ്ങൾ ഒരുക്കുക.

## മോണിറ്ററിംഗ്

* വികസന പദ്ധതികൾ സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ ക്രമം നിർണ്ണയിക്കുകയും വേണം
* വാർഷിക കലണ്ടർ തയ്യാറാക്കണം.
* പ്രതിമാസ കലണ്ടർ തയ്യാറാക്കുക.
* ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുക.
* SRG, PTA വിഷയ സമിതികൾ വിദ്യാലയ വികസന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം

# ഉപസംഹാരം

അടുത്ത അഞ്ച് വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഓരോ വർഷത്തേക്കുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് ആസൂത്രണം ചെയ്യുകയും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടപ്പാക്കുകയും ചെയ്യുക. പദ്ധതി നടത്തിപ്പിന്റെ ഭാഗമായ ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കുക. വിദ്യാലയത്തിലേക്ക് ഏത് സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാകണം. ജനകീയ പങ്കാളിത്തം ഓരോ പദ്ധതിയിലും ഉറപ്പാക്കുക. ആവശ്യമായ വിഭവസ്രോതസ്സുകൾ കണ്ടെത്തുക. അടുത്ത അഞ്ചുവർഷം കൊണ്ട് വിദ്യാലയത്തെ ഏളാതരം മികവ് പുലർത്താനും ലോക നിലവാരത്തിലേക്കെത്തിക്കാനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

സയൻസ്–HS 8th class

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പരിസ്ഥിതി സംരക്ഷണം | ഉദ്യാന നവീകരണം | ജൂൺ – മാർച്ച് | അധ്യാപകർ | 2000 |
| 2. | കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കാൻ | Field Trip | ജൂലൈ | ശാസ്ത്ര ക്ലബ് | 5000 |
| 3. | ശാസ്ത്രാവബോധം വളർത്തൽ | ശാസ്ത്രപതിപ്പ് നിർമ്മാണം | സെപ്റ്റംബർ | ശാസ്ത്ര ക്ലബ് | 2500 |
| 4. | ശാസ്ത്രമനോഭാവം | ശാസ്ത്രലാബ് നവീകരണം | ജൂൺ - മാർച്ച് | PTA | 1000 |

# സയൻസ് - HS 9th class

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രാഭിരുചി വളർത്തുന്നതിനും തൊഴിൽ നൈപുണ്യം നേടുന്നതിന് | Work shop — Wire നിർമ്മാണം | നവംബർ | ശാസ്ത്രക്ലബ് | 5000 |
| 2. | ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര ലാബ് നവീകരണം | ജൂൺ - മാർച്ച് | PTA | 10000 |
| 3. | ശാസ്ത്ര മനോഭാവം | ശാസ്ത്ര പതിപ്പ് നിർമ്മാണം | സെപ്തംബർ | ശാസ്ത്രക്ലബ് | 2500 |
| 4. | പരിസ്ഥിതി സംരക്ഷണം | ഉദ്യാന നവീകരണം | ജൂൺ - മാർച്ച് | അധ്യാപകർ | 2000 |

# സയൻസ് - HS 10th class

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രാവബോധം വളർത്തൽ | LED ബൾബ് നിർമ്മാണം | ജൂൺ - ജൂലൈ | ശാസ്ത്ര ക്ലബ് | 2000 |
| 2. | പരിസ്ഥിതി സംരക്ഷണം | ഉദ്യാന നവീകരണം | ജൂൺ - മാർച്ച് | അധ്യാപകർ | 2000 |
| 3. | ശാസ്ത്രാവബോധം വളർത്തൽ | ശാസ്ത്രപതിപ്പ് നിർമ്മാണം | സെപ്തംബർ | ശാസ്ത്രക്ലബ് | 2500 |
| 4. | ശാസ്ത്ര മനോഭാവം | ശാസ്ത്രലാബ് നവീകരണം | ജൂൺ - മാർച്ച് | PTA | 10000 |

H.S. Hindi - അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1. രാഷ്ട്രഭാഷയോടുള്ള അടുപ്പം വർദ്ധിപ്പിക്കുക. | കഥാ വായന, കവിതാ വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2. സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷം, ഹിന്ദി കലോത്സവം നടത്തി കുട്ടികളിലെ മികവുകളെ ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമാണം മുതലായവ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3. മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാർ, കടങ്കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |

ഗണിതം — അക്കാദമിക മാസ്റ്റർ പ്ലാൻ — STD VIII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അവശ്യ ധാരണ കൈവരിക്കൽ | മുന്നറിവുകൾ പരിശോധിച്ച് വിവരണം തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് | നമ്മുടെ വീടിന്റെ പരിസരവും വീക്ഷിച്ച് വസ്തുക്കളിലെ ജ്യാമിതീയ രൂപങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ/ജൂലൈ മാസം | അധ്യാപകർ, P.T.A | ടീച്ചേഴ്സ് ഗ്രാന്റ്, PTA |
| 3. വിവിധ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതിയിലെ ശേഷി പരിശോധിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | ആഗസ്റ്റ് | അധ്യാപകർ P.T.A | ഗണിതക്ലബ് മാനേജ്മെന്റ് |
| 4. നിത്യജീവിതത്തിൽ ഗണിതാശയങ്ങളുടെ പ്രയോഗം ബോധ്യപ്പെടുത്തൽ | നമുക്ക് ചുറ്റും കാണുന്ന വിവിധ തൊഴിൽ മേഖലയിൽ അന്തർലീനമായ ഗണിതാശയങ്ങളുടെ പ്രോജക്ട് തയ്യാറാക്കൽ | സെപ്റ്റംബർ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | ജൂൺ-ഡിസംബർ മാസം | അധ്യാപകർ, കുട്ടികൾ | |
| 6. കുട്ടികളിലെ ഗണിത ഭാവനകൾ പരിപോഷിപ്പിക്കൽ | ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ, കുട്ടികൾ. | പി.ടി.എ, ടീച്ചേഴ്സ്-ഗ്രാന്റ് |
| 7. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് വേണ്ട ഉപകരണങ്ങൾ ശേഖരിക്കൽ | ഒക്ടോബർ | അധ്യാപകർ, പി.ടി.എ, കുട്ടികൾ | പി.ടി.എ |
| 8. ഗണിത മേളകളിലും മറ്റും കുട്ടികളെ ഉത്സാഹത്തോടെ പങ്കെടുപ്പിക്കൽ | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | നവംബർ/ ഡിസംബർ | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 9. നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട വിവിധ അളവു സമ്പ്രദായങ്ങളെ കുറിച്ച് വിവരശേഖരണം | സെമിനാർ/പ്രോജക്ട് | ജനുവരി/ഫെബ്രുവരി | അധ്യാപകർ, കുട്ടികൾ | ടിച്ചേഴ്സ് ഗ്രാന്റ് |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പി.ടി.എ മീറ്റിങ്ങ് സംഘടിപ്പിച്ച് കുട്ടികളുടെ ഗണിതശേഷി അവതരണം | മാർച്ച് | അധ്യാപകർ, HM, PTA | PTA |

ഗണിതം അക്കാദമിക മാസ്റ്റർ പ്ലാൻ STD. X

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ധാരണ ഉറപ്പുവരുത്തൽ. | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ഗണിതവുമായി ബന്ധപ്പെട്ട അറിവുകൾ പരിശോധിക്കുന്നു. | ജൂൺ ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. വിവിധ സംഖ്യാശ്രേണികളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിന് | നിത്യജീവിതത്തിൽ പരിചയിച്ചു വന്ന വിവിധ സംഖ്യാശ്രേണികളുടെ ചാർട്ട് തയ്യാറാക്കുന്നു. പ്രോജക്ട് വർക്ക് നൽകുന്നു | ജൂൺ-ജൂലൈ മാസം | അധ്യാപകർ, കുട്ടികൾ | |
| 3. ബീജഗണിതത്തിന്റെ അവബോധം തിരിച്ചറിയുന്നതിന് | സെമിനാർ | ആഗസ്റ്റ് | അധ്യാപകർ, കുട്ടികൾ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4. ഗണിത ലാബ് | ശില്പശാല നടത്തി ലാബിലേക്ക് വേണ്ടുന്ന പഠനോപകരണങ്ങൾ തയ്യാറാക്കൽ | സെപ്തംബർ | അധ്യാപകർ, PTA, കുട്ടികൾ | പി.ടി.എ |
| 5. ജ്യാമിതിയ നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഗണിത ഉപകരണങ്ങളുടെ ഉപയോഗം, അവ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം | ഒക്ടോബർ | അധ്യാപകർ, കുട്ടികൾ | |
| 6. ഗണിതത്തിലെ വിശദ ഭാവനകൾ തിരിച്ചറിയുന്നതിന് | ഗണിത മേളകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പരിശീലനം | നവംബർ | അധ്യാപകർ കുട്ടികൾ | PTA |
| 7. ഗണിത ആശയങ്ങൾ അറിവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പരിചയപ്പെടൽ. | ക്ലബ് പ്രവർത്തനം ശില്പശാലകൾ മുതലായവ സംഘടിപ്പിക്കുക | ഡിസംബർ | അധ്യാപകർ കുട്ടികൾ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 8. നിത്യ ജീവിതത്തിൽ ത്രികോണമിതിയുടെ ഉപയോഗം മനസ്സിലാക്കുന്നു. | ത്രികോണമിതി പ്രയോജനപ്പെടുത്താവുന്ന മേഖലകളെ കുറിച്ച് ലിസ്റ്റ് തയ്യാറാക്കി അവയുടെ സെമിനാറും | ജനുവരി മാസം | അധ്യാപകർ കുട്ടികൾ | |
| 9. രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ PTA നൽകുന്ന ചുമതലകൾ | ഫെബ്രുവരി | അധ്യാപകർ HM, PTA | PTA |
| 10. വാർഷിക പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിന് | സ്പെഷ്യൽ കോച്ചിംഗ് നൽകുന്നു | ഫെബ്രുവരി-മാർച്ച് | അധ്യാപകർ PTA | PTA |

ഗണിതം അക്കാദമിക മാസ്റ്റർപ്ലാൻ STD IX

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ധാരണ കൈവരിക്കൽ | മുന്നറിവ് പരിശോധിച്ച് കുറവ് നികത്തൽ | ജൂൺ ആദ്യ വാരം | അധ്യാപകർ [illegible] കുട്ടികൾ | |
| 2. ഗണിത ദിനാചരണങ്ങൾ | പാസ്കൽ ദിനം, നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ദിനം ചെ പോസ്റ്റർ, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂലൈ | അധ്യാപകർ കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. വിവിധ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതിയിലെ ശേഷി പരിശോധന. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ. | ജൂലൈ/ആഗസ്റ്റ് | അധ്യാപകർ, കുട്ടികൾ | P.T.A |
| 4. ഗണിത പഠനത്തിൽ പരിമിതികൾ നിരീക്ഷണത്തിലൂടെ പുതിയ ആശയ രൂപീകരണം | ഗണിത ലാബ് പ്രവർത്തനം 23ർ വിതരണം നടത്തൽ | ആഗസ്റ്റ്/ സെപ്തംബർ | അധ്യാപകർ കുട്ടികൾ | PTA |

| | | | | |
|---|---|---|---|---|
| 5. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തന പദ്ധതി നിർമ്മാണം | അംശബന്ധം മാനത്തെ വിവിധ അനുഭവങ്ങളിൽ പ്രവർത്തന പദ്ധതി നിർമ്മാണം | തുടർപ്രവർത്തനം | അധ്യാപകർ കുട്ടികൾ | |
| 6. ഗണിതമേളയിൽ കുട്ടികളുടെ പ്രകടനം ഉയർത്തിപ്പെടുത്തുന്നു | ചിട്ടയായ പരിശീലനം നൽകി മത്സരത്തിന് പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം | ഒക്ടോബർ- നവംബർ | അധ്യാപകർ കുട്ടികൾ | പി.ടി.എ |
| 7. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അനുഭവങ്ങൾ പരിചയപ്പെടുന്നു | ക്ലബ് പ്രവർത്തനം, ശില്പശാലകൾ, പഠനകാലത്ത വിവിധ അനുഭവപാഠങ്ങൾ കണ്ടെത്തി അവയുടെ ഉപയോഗങ്ങൾ എഴുതി തയ്യാറാക്കൽ | നവംബർ- ഡിസംബർ | അധ്യാപകർ കുട്ടികൾ | പി.ടി.എ |
| 8. സംഖ്യാബോധം ഉണ്ടാക്കൽ | സഹപഠനം | തുടർപ്രവർത്തനം | അധ്യാപകർ, സഹപാഠികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 9. ഗണിത ഭാവനകൾ പരിപോഷിപ്പിക്കൽ | ഗണിതനാടകം, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു | ഡിസംബർ-ജനുവരി | അധ്യാപകർ പി.ടി.എ | പി.ടി.എ |
| 10. രക്ഷിതാക്കളെ ബോധവത്കരിക്കൽ | കുട്ടികളുടെ സൃഷ്ടികൾ പി.ടി.എ മീറ്റിങ്ങിൽ അവതരിപ്പിക്കുന്നു. പുതിയ ചുമതല ഏൽപ്പിക്കുന്നു. | ഫെബ്രുവരി-മാർച്ച് | [illegible] അധ്യാപകർ, പി.ടി.എ, എച്ച്.എം. | പി.ടി.എ |

Section- H.S, Subject- English. [അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | Spoken English Class, English Library, English Story time, English Cartoon കാണൽ, English Assembly | അവധിക്കാലം/ശനിയാഴ്ചകൾ | PTA, ടീച്ചേഴ്സ് | PTA, Management |
| 2. ഇംഗ്ലീഷിലുള്ള സർഗാത്മകതയ്ക്ക് അവസരം ഒരുക്കുക | Cinema & Documentary, Profile and Script തയ്യാറാക്കുന്നതിലൂടെ English Cinema കൂടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | Classroom പ്രവർത്തനങ്ങളോടൊപ്പം | Teachers, SRG | English club |
| 3 → | Role play, English Day നടത്തുന്നു, ഇംഗ്ലീഷ് കവിതകൾ കോറിയോഗ്രാഫി തയ്യാറാക്കി Club അംഗങ്ങളാൽ ദൃശ്യാവിഷ്കാരം നടത്തുന്നു | അക്കാദമിക വർഷം | English Teachers | PTA, English Club. |
| 4. സ്വതന്ത്രവായനക്ക് സജ്ജരാക്കുക. സ്വന്തമായി എഴുതാൻ സജ്ജരാക്കുക | Word card, sentence card, School English voice. | Classroom പ്രവർത്തനങ്ങൾ | PTA, SRG, Teachers | English club. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|
| 5. നാടകീകരണം | English assembly, Skit, English club പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Skit, Puppet show എന്നിവയിലൂടെ അവതരിപ്പിക്കുന്നു | Classroom പ്രവർത്തനങ്ങൾ | PTA, SRG Teachers, English Club | PTA |
| 6. കവിതാലാപനം, കവിതാരചന കൂട്ടം പ്രോത്സാഹനം | ഇംഗ്ലീഷ് കവിതകൾ ശേഖരണവും അവതരണം കവിതാരചന, കവിതാലാപനമത്സരങ്ങൾ നടത്തുന്നു. സമാഹാരം കുറിപ്പ് തയ്യാറാക്കുന്നു. | ക്ലബ് പ്രവർത്തനങ്ങൾ ശനിയാഴ്ചകൾ | Teacher, PTA SRG PTA, Teachers. | English club. |
| | Book Reviews, Magazine | വർഷത്തിൽ 2 പ്രാവശ്യം. | English Teachers | PTA, Management. |
| 7. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | English Fest, English film കാണലുകളും [illegible] | [illegible] വർഷത്തിൽ ഒന്ന്. | English Club. | PTA. |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം STD IX

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് ലൈബ്രറി ശാക്തീകരണം.<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കൽ<br>സ്കൂൾ ലൈബ്രറി പരമാവധി ഉപയോഗപ്പെടുത്തൽ<br>പതിപ്പ് തയ്യാറാക്കൽ | 1 വർഷം | അധ്യാപകർ, PTA | - |
| പത്രവായന പരിപോഷിപ്പിക്കൽ | ഓരോ ക്ലാസിനും പത്രം ലഭ്യമാക്കൽ<br>രാവിലെ ക്ലാസ് തലത്തിൽ പ്രധാനവാർത്തകളുടെ അവതരണം<br>പത്രക്വിസ് | 1 വർഷം | അധ്യാപകർ | - |

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം STD-8

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|
| എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരകൊണ്ടു വരിക | കുട്ടികളുടെ ഭാഷാപരമായ അടിസ്ഥാനശേഷി കണ്ടെത്തുന്നു. ഓരോന്നിലെ കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ, പദചാർട്ട്, പദകേളി, മിനികഥകൾ, ചിത്രകഥകൾ എന്നിവയിലൂടെ പരിശീലനം നൽകുന്നു. അവരുടെ ഭാഷയിലുള്ള താത്പര്യം വർദ്ധിപ്പിക്കുന്നു. | ജൂൺ - ഓഗസ്റ്റ് | അധ്യാപകർ | - |
| | പുരോഗതി കാണിക്കാത്ത കുട്ടികളുണ്ടെങ്കിൽ അവർക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം പരിശീലിപ്പിക്കുന്നു. | സെപ്തംബർ - ഫെബ്രുവരി | അധ്യാപകർ | - |

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം STD X

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കൽ | കഥ, കവിത, ലേഖനം തുടങ്ങിയ സർഗാത്മക രചനകൾ നടത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. അവ ചേർത്തു കൊണ്ട് മാഗസിനുകൾ തയ്യാറാക്കുന്നു | 1 വർഷം | വിദ്യാരംഗം | - |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തുന്നു | സംവാദം / അഭിമുഖം. എഴുത്തുകാർ, കലാകാരന്മാർ എന്നിവരോടൊപ്പം അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്നു (പ) വട്ടം | അധ്യാപകർ | - |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | വിവിധ വിഷയങ്ങളിൽ കുട്ടികളെ സ്വതന്ത്രമായി സംസാരിക്കാൻ അവസരം നൽകുന്നു. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുന്നു. | 6 മാസം | അധ്യാപകർ | |

ഇഖ്ബാൽ ഹൈസ്കൂൾ അജാനൂർ

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-2026

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | വിലയിരുത്തൽ |
|---|---|---|---|---|---|
| 1. | *വായന<br>· കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക | · ലൈബ്രറി ശാക്തീകരണം<br>· പുസ്തക ശേഖരണം<br>· കഥകൾ, കവിതകൾ | 6 മാസം.<br>ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി | സ്കൂൾതലം. |
| 2. | [illegible]<br>* [illegible] അറിവ് വികസിപ്പിക്കുക | · മാഗസിൻ നിർമ്മാണം.<br>· ക്വിസ് പ്രോഗ്രാം. | ജൂൺ മുതൽ എല്ലാ മാസവും. | ലാപ്ടോപ്പ് | അധ്യാപകൻ. |
| 3 | * പ്രതിഭകളെ കണ്ടെത്തൽ. | * മത്സരം നടത്തുന്നു. | ജൂലായ്- ആഗസ്റ്റ് | Stage<br>Sound box | അധ്യാപകൻ. |
| 4 | ദിനാചരണങ്ങൾ | · ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>· അന്താരാഷ്ട്ര അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | എല്ലാ മാസവും. | ICT | അധ്യാപകൻ |
| 5 | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ. | * അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു<br>× Poster പ്രദർശനം. | | | |

# മാസ്റ്റർപ്ലാൻ

# ആമുഖം

## അക്കാദമികമായിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം-എല്ലാസ്ററാഫുകളുടെയും സഹായത്തോടെ മാസികകൾ. ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തു
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പക്കൽ.* പഠന-പാഠ്യേതര പ്രവർത്തനങ്ങൾ -മികവുകൾ-സമൂഹത്തിൽ എത്തിക്കൽ. (ദിനാചരണങ്ങൾ,സെമിനാർ,കവിയരങ്ങ്,.......)
- സ്കൂൾ റേഡിയോ ക്ലബ് -കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും.
- ഫെയിസ് ബുക്ക്,സ്കൂൾ വിക്കി ,എന്നിവയുടെ ഉപയോഗം -സമൂഹത്തെ അറിയിക്കൽ,
- വിവിധ ക്ലബുകൾ വർഷാദ്യംതന്നെ രൂപീകരിക്കുന്നു
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ.
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സ്കൂൾ മാഗസീൻ തയ്യാറാക്കൽ.(it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്.
- കരിയർ ഗൈഡൻസ് ക്ലാസുകൾ,പ്രദർശനങ്ങൾ.
- അഭിമുഖം,സംവാദങ്ങൾ.
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും, സാമൂഹികസന്നദ്ധസംഘടനകളുടെ സഹായം.

# വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ

## സംസ്കൃതം

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷരപഠനം.
- അക്ഷരസ്പടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും
- കഥ,കവിത ,എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവുനേടും.
- ഭാഷാലാബ് നിർമാണം.
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർ വ്വഹണചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി<br>സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു<br>അക്ഷര ഗാനം.സംഖ്യാ ഗാനം, സുഭാഷിതങ്ങൽ...)<br><br>കൂടെ പാടിക്കുന്നു<br>അക്ഷരശ്ലാക സദസ്<br>ict സാധ്യത പരമാവതി പ്രയോഗിച്ച് പരമാവധി കേശിക്കുള്ള അവസരം ഒരുക്കുന്നു. | 1 month<br><br>one year | Skt trs<br><br>skt trs,students | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു<br><br>അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു. കുത്തുകൾ യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു<br><br>ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br>ശബ്ദകോശം<br>ചിത്രപദകോശം<br><br>സംഖ്യാകോശം<br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നവാചകപദങ്ങൾ എഴുതുന്നു | 1 month<br><br>one year | Skt trs | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം<br>പുസ്തകപരിചായനം<br>കഥാകഥനം | One year | Trs.students | | |
| 4 | അവതരണം | സംഭാഷണം<br>നാടകാഭിനയം | One year | | | |
| 5 | ചിത്രീകരണം | വിവിധഡോക്ക്യുമെന്ററികൾ നിർമ്മിക്കൽ | One year | Trs,students | | |